Draft #3 of File 2878/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 26-Jun-2019 04:58 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 2878/AD AI 2/2018/AD A 1

**സർക്കുലർ**

വിഷയം:- സർവ്വകലാശാല ക്യാമ്പസിനകത്ത് സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് മുൻകൂറായി സെക്യൂരിറ്റി ഓഫീസറെ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. പരിപത്രം നമ്പർ Ad.AI-2-25/2017(Subfile) തീയതി 22.11.2017

2. പരിപത്രം നമ്പർ എഡി.എ1-2-26/2018 തീയതി 20.03.2018.

3. സെക്യൂരിറ്റി ഓഫീസറുടെ 25.06.2019 തീയതിയിലെ സമർപ്പണം, രജിസ്ട്രാർ (i/c)-ൻറെ ഉത്തരവ് സഹിതം.

മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിനകത്ത് സംഘടിപ്പിക്കുന്ന എല്ലാ വിധ പരിപാടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ മുൻകൂറായി സെക്യൂരിറ്റി ഓഫീസറെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (1), (2) പ്രകാരം പരിപത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ക്യാമ്പസിനകത്ത് പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ട്മെൻറുകൾ തങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് സർവ്വകലാശാല സെക്യൂരിറ്റി ഓഫീസറെയോ സെക്യൂരിറ്റി വിഭാഗത്തെയോ മുൻകൂറായി അറിയിക്കുന്നില്ല എന്നും, ആയതിനാൽ പുറത്ത് നിന്നും ഇത്തരം പരിപാടികളിൽ പങ്കെടുക്കാൻ വരുന്നവരെ കൃത്യമായ സ്ഥലത്ത് എത്തിക്കുവാനും, സെക്യൂരിറ്റി ക്രമീകരണങ്ങൾ നടത്തുവാനും കഴിയുന്നില്ല എന്നും സർവ്വകലാശാല സെക്യൂരിറ്റി ഓഫീസർ സൂചന (3) പ്രകാരം അറിയിച്ചിരിക്കുന്നു.

ആയതിനാൽ, സർവ്വകലാശാലയിലും, ക്യാമ്പസിലും, ഡിപ്പാർട്ട്മെൻറുകളിലും സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് സർവ്വകലാശാല സെക്യൂരിറ്റി ഓഫീസറെ നിർബന്ധമായും മുൻകൂർ അറിയിക്കേണ്ടതാണെന്ന് രജിസ്ട്രാർ(i/c) ഉത്തരവായിരിക്കുന്നു.

**പ്രേംകുമാർ ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷാ/ധനകാര്യം)
5. സെക്യൂരിറ്റി ഓഫീസർ
6. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി.
7. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/നോട്ടീസ് ബോർഡ്